പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1372 03/12/2018-ൽ മറുപടിക്ക്

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ മലയാള അദ്ധ്യാപക നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.സി. ജോസഫ്: | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർ സെക്കന്ററി തലം വരെ മലയാളം പ്രത്യേക വിഷയമായി പഠിക്കാത്തവരെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ അദ്ധ്യാപകരായി നിയമിക്കുവാൻ കഴിയില്ലെന്ന 2002 ലെ ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു; | (ബി) | സംസ്ഥാനത്തെ എയ്ഡഡ്, സർക്കാർ സ്കൂളുകളിലെ അധ്യാപക യോഗ്യതകൾ 06.06.1980 ലെ സ.ഉ.(അ)നമ്പർ.76/80/പൊ.വി.വ ഉത്തരവ് പ്രകാരം എകീകരിക്കുകയുണ്ടായി. ഈ ഉത്തരവിൽ വ്യക്തത വരുത്തുന്നതിനായി 19.03.2002 ലെ സ.ഉ.(സാധാ)നമ്പർ.534/02/പൊ.വി.വ പ്രകാരം എൽ പി.എസ്.റ്റി/യു.പി.എസ്.റ്റി (മലയാളം മീഡിയം) നിയമനത്തിനുള്ള യോഗ്യത ഇപ്രകാരം ഭേദഗതി ചെയ്തിരുന്നു. "Candidates who have not studied the Regional Language Malayalam either under part I or part II or as medium of instruction of SSLC will not be eligible for appointment to the post."<br>കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന നിരവധി വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ഇപ്രകാരമുള്ള സ്കൂളുകളിൽ സെക്കന്ററി/ ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും പിന്നീട് ബിരുദ/ബിരുദാനന്തര/ ട്രെയിനിങ് തലങ്ങളിൽ മലയാളം പഠിച്ചവരെ ഈ നിബന്ധന ദോഷകരമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.<br>സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ തുടങ്ങിയ കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന നിരവധി |

അംഗീകൃത വിദ്യാലയങ്ങൾ നമുക്കുണ്ട്. മലയാളികളായ കുട്ടികൾ തന്നെയാണ് ഈ സ്കൂളുകളിൽ സിംഹഭാഗവും പഠിക്കുന്നത്. ഈ വിദ്യാലയങ്ങളിൽ ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കുന്നില്ല എന്നതാണ് വസ്തുത. കേന്ദ്രീയ വിദ്യാലയങ്ങളും നവോദയ വിദ്യാലയങ്ങളും സൈനിക സ്കൂളുകളും ഒക്കെ ഇതിൽ ഉൾപ്പെടുന്നു. ഇവിടെ ബോധനമാധ്യമവും മലയാളമല്ല. ഇക്കാരണത്താൽ ഇത്തരം വിദ്യാലയങ്ങളിലെല്ലാം പഠിക്കുന്ന തനി മലയാളികളായ കുട്ടികൾക്കു പോലും സെക്കന്ററി വിദ്യാഭ്യാസത്തിനുശേഷം ഡി.ഇ.എൽ.എഡ് (ടി.ടി.സി/ഡി.എഡ്) ബി.എഡ് തുടങ്ങിയ അദ്ധ്യാപക നിയമനത്തിനുള്ള ട്രെയിനിംഗ് യോഗ്യത നേടിയാൽ കേരളത്തിൽ എൽ.പി.എസ്.ടി, യു.പി.എസ്.ടി തസ്തികകൾക്ക് അപേക്ഷിക്കാനാവില്ല എന്ന അവസ്ഥ 19-3-2002 ലെ ഉത്തരവിലൂടെ സംജാതമായി. പാഠ്യപദ്ധതിയിൽ മലയാളം ഉൾപ്പെടുത്താത്ത ടി വിദ്യാലയങ്ങൾക്ക് കേരളത്തിൽ പ്രവർത്തിക്കാൻ അംഗീകാരവും അനുമതിയും നൽകുന്നത് കേരള സർക്കാർ തന്നെയാണ്. അവിടെ നിന്ന് സെക്കന്ററിതലം കടന്നുവരുന്ന കുട്ടികൾക്ക് കേരളത്തിൽ ഡി.ഇ.എൽ.എഡ് (ടി.ടി.സി/ഡി.എഡ്), ബി.എഡ് തുടങ്ങിയ നമ്മുടെ കോഴ്സുകളിൽ ചേർന്നു പഠിക്കാനും വിലക്കുകളില്ല. ഇത്തരത്തിൽ കേരളത്തിൽ നിന്നു തന്നെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകൾ നേടിയതിനുശേഷം കേരളത്തിൽ എൽ.പി.എസ്.ടി/ യു.പി.എസ്.ടി തസ്തികകളിലെ നിയമനങ്ങൾക്ക് അവ പരിഗണിക്കാൻ കഴിയില്ല എന്ന സവിശേഷ സാഹചര്യമാണ് ടി ഉത്തരവ് മൂലം സൃഷ്ടിക്കപ്പെട്ടത്.സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ തുടങ്ങിയ കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകളിലും സൈനിക സ്കൂളുകളിലും മറ്റും പഠിച്ച മലയാളികളായ വിദ്യാർത്ഥികൾ സെക്കന്ററി/ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനു ശേഷം

ബിരുദ/ബിരുദാനന്തര/ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലും ഒന്നിൽ കേരളത്തിലെ റഗുലർ കോഴ്സ് വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുണ്ടെങ്കിൽ അവർക്ക് 19/3/2002-ലെ ഉത്തരവിന്റെ വ്യവസ്ഥയിൽ നിന്നും ഇളവ് നൽകുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാരിന് ബോധ്യമായി. തുടർന്ന് 19.03.2002 ലെ സ.ഉ. (സാധാ)നമ്പർ.534/02/പൊ.വി.വ ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തി പ്രസ്തുത ഉത്തരവ് പ്രകാരം പുതുതായി ചേർത്ത "note"ന് ശേഷം താഴെ പറയും പ്രകാരം ചേർത്ത് ഉത്തരവാകുകയാണുണ്ടായത്:-

"സെക്കന്ററി/ ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.റ്റി/ യു.പി.എസ്.റ്റി നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്".

(സി) നിയമസഭ പാസ്സാക്കിയ 2017-ലെ മലയാളം ഭാഷ പഠന നിയമത്തിന് വിരുദ്ധമാണ് പ്രസ്തുത ഭേദഗതിയെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം പുനപരിശോധിക്കാമോ?

(സി) യും (ഡി) യും 2017-ലെ മലയാളം ഭാഷാ നിയമത്തിനോ 2018-ലെ മലയാള ഭാഷാ ചട്ടങ്ങൾക്കോ വിരുദ്ധമായ യാതൊന്നും തന്നെ 22/05/2018-ലെ ഉത്തരവിൽ ഇല്ല.

സെക്ഷൻ ഓഫീസർ